# കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്

**(ഒരു കേരള സർക്കാർ സ്ഥാപനം)**

**മാനന്തവാടി ഡിവിഷൻ**

ഡിവിഷണൽ മാനേജരുടെ കാര്യാലയം
തലപ്പുഴ പി ഒ 670644

No DM/Vehicle/10-11/583 തീയ്യതി 10/09/2025

## ദർഘാസ് /വാഹന വില്പന ലേലപ്പരസ്യം

കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്, മാനന്തവാടി ഡിവിഷനിലുള്ള 2011 മോഡൽ ടാറ്റാ 407 മിനി ലോറി പൊതു ലേലം/ടെണ്ടർ, കെ എഫ് ഡി സി യുടെയും സർക്കാറിന്റെയും ലേല നിബന്ധനകൾക്ക് വിധേയമായി 22/09/2025 തീയ്യതിയിൽ മാനന്തവാടി ഡിവിഷണൽ മാനേജരുടെ കാര്യാലയത്തിൽ (തലപ്പുഴ, കമ്പമല) വച്ച് പകൽ 11.30 മണിക്ക് നടത്തുന്നതാണ്. അന്നേദിവസം ലേലം/ടെണ്ടർ നടക്കാതെ വന്നാൽ 25/09/2025, 29/09/2025 ന് നിശ്ചിത സ്ഥലത്തും സമയത്തും ലേലം/ടെണ്ടർ നടത്തുന്നതാണ്. ടെണ്ടർ ഫോറം വില 600 രൂപ (നികുതികൾ പുറമെ) നിരത ദ്രവ്യം 3050 രൂപ. വിവരങ്ങൾക്ക് ഫോൺ നമ്പർ: 8289821600, 9497742196. www.kfdc.kerala.gov.in

ഒപ്പ്

ഡിവിഷണൽ മാനേജർ

## <u>ലേല/ടെണ്ടർ വ്യവസ്ഥകൾ</u>

1) ഈ ഓഫീസിൽ നിന്ന് വിതരണം ചെയ്യുന്ന ഫോമിലല്ലാതെ ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
2) ഓരോ ടെണ്ടർ ഫോമുകളുടെ കൂടെയും 3050.00 രൂപ (മൂവായിരത്തി അമ്പത് രൂപ മാത്രം) നിരതദ്രവ്യം ക്യാഷ് / ഡിഡി സഹിതം സമർപ്പിക്കേണ്ടതാണ്. (ഡി ഡി യാണെങ്കിൽ കെ എഫ് ഡി സി മാനന്തവാടി ഡിവിഷണൽ മാനേജരുടെ പേരിൽ മാനന്തവാടിയിൽ മാറാവുന്ന രീതിയിലുള്ളത്). കരാർ ലഭിച്ച വ്യക്തിയൊഴികെയുള്ളവർക്ക് നിരതദ്രവ്യം ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം തിരികെ ലഭിക്കുന്നതാണ്.
3) ടെണ്ടർ ഫോം തുക തിരികെ ലഭിക്കുന്നതല്ല.
4) ടെണ്ടർ ഫോമുകൾ സമർപ്പിച്ച വ്യക്തികളെയോ/സ്ഥാപനങ്ങളെയോ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കൂ.
5) ടെൻഡർ നടപടികൾ പൂർത്തിയായതിനുശേഷമുള്ള □ രു വാഗ്ദാനവും സ്വീകാര്യമല്ല.
6) ടെൻഡർ / ലേലം മാനന്തവാടി ഡിവിഷണൽ ഓഫീസിൽ വച്ച് ഡിവിഷണൽ മാനേജരോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി **22/09/2025** തീയ്യതി 11. 30 A M ന് നടത്തുന്നതായിരിക്കും. എന്തെങ്കിലും കാരണത്താൽ ലേലം മാറ്റിവയ്ക്കേണ്ടി വന്നാൽ, **25/09/2025** നൊ അന്നേ ദിവസവും നടന്നില്ലെങ്കിൽ 29/09/2025 അതേ സമയത്തും അതേ സ്ഥലത്തും തന്നെ നടത്തുന്നതായിരിക്കും.
7) ലേലം/ടെണ്ടർ കൊള്ളുന്നയാൾ അന്നേദിവസം തന്നെ ലേല തുകയുടെ മൂന്നിൽ ഒരു ഭാഗവും നികുതിയും ഉൾപ്പെടെ **67391586884 (IFS Code SBIN0070102)** എന്ന അക്കൗണ്ട് നമ്പറിലേക്ക് ഒടുക്കേണ്ടതാണ്.
8) ഈ ടെൻഡർ / ലേലം സംബന്ധിച്ച് കോർപ്പറേഷൻ എടുക്കുന്ന എല്ലാ തീരുമാനവും അന്തിമമായിരിക്കും. ഈ ടെൻഡർ / ലേലം സംബന്ധിച്ച എല്ലാ തർക്കങ്ങളും വയനാട് ജില്ലയുടെ പരിധിയിൽ വരുന്ന കോടതിയിൽ നിക്ഷിപ്തമായിരിക്കും.
9) ലേലത്തിൽ/ടെൻഡറിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖ (വോട്ടർ ഐ ഡി കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/ആധാർ, പാൻ കാർഡ് ) ഹാജരാക്കേണ്ടതാണ്.
10) ദർഘാസ് / ലേലത്തിന് മുൻപായി വാഹനം (ലേലവസ്തു) കണ്ടു പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ് .
11) കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽ നിന്ന് ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി 7 ദിവസത്തിനുള്ളിൽ ബാക്കി ലേലതുകയും ബാധകമായ എല്ലാ നികുതികളും കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്. അതിനു ശേഷം മാത്രമേ വാഹനം വിട്ടുനൽകുകയുള്ളൂ.

12) ദർഘാസ് സമർപ്പിച്ച വ്യക്തി ദർഘാസ് തുറക്കുന്ന സമയത്ത് ഹാജരായിരിക്കേണ്ടതാണ്.
13) നിശ്ചിത തീയതിക്കകം ലേലത്തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം കൊണ്ടയാൾ കോർപ്പറേഷനിൽ ഒടുക്കിയിട്ടുള്ള തുക മുഴുവനും കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽകൂട്ടുന്നതും പിന്നീട് പ്രസ്തുത ലേലം റദ്ദു ചെയ്തതായി പരിഗണിച്ച് ടി വാഹനം മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്ത് വിൽക്കുന്നതായിരിക്കും.
14) കാരണം കാണിക്കാതെ ഏതൊരു വ്യക്തിയുടെയോ/ സ്ഥാപനത്തിന്റെയോ ദർഘാസ്/ ലേലം നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
15) സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.
16) ദർഘാസ് / ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ ലഭ്യമാണ്). വിവരങ്ങൾക്ക് www.kfdc.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ നമ്പർ: 8289821600, 9497742196